# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 14 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 1919 പേർ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ വീടുകളിൽ 1896 പേരും ആശുപത്രികളിൽ 23 പേരും ഉൾപ്പെടെ ആകെ 1919 പേരാണ് നിരീക്ഷണത്തിലുള്ളത്. വ്യാഴാഴ്ച (മെയ് 14) നിരീക്ഷണത്തിന്റെ ഭാഗമായി നാല് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മൂന്ന് പേരെ ഡിസ്ചാർജ്ജ് ചെയ്തു.

വ്യാഴാഴ്ച (മെയ് 14) 20 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ഇതു വരെ 1428 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 1404 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 24 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. സാമ്പിൾ പരിശോധന ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി 284 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ശ്വാസകോശസംബന്ധമായ രോഗമുള്ളവർ, കച്ചവടക്കാർ, പോലീസ്, റേഷൻകടയിലെ ജീവനക്കാർ, അതിഥി തൊഴിലാളികൾ, 60 വയസ്സിനു മുകളിലുള്ളവർ, അന്തർസംസ്ഥാന യാത്രക്കാർ തുടങ്ങി വിവിധ മേഖലകളിലുള്ളവരുടെ സാമ്പിളുകളാണ് ഇപ്രകാരം പരിശോധനയ്ക്ക് അയച്ചത്.

275 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. വ്യാഴാഴ്ച (മെയ് 14) 80 പേർക്ക് കൗൺസലിംഗ് നൽകി.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1276 പേരെയും മത്സ്യചന്തയിൽ 937 പേരെയും ബസ് സ്റ്റാന്റിലെ പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 125 പേരെയും സ്ക്രീൻ ചെയ്തു.

നാട്ടിലേക്കു തിരിച്ചെത്തിയ പ്രവാസികൾക്കും അന്യസംസ്ഥാനത്തിൽ നിന്നുമുള്ള മലയാളികൾക്കും അതിർത്തി പ്രദേശങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ ആരോഗ്യപ്രവർത്തകർ സ്ക്രീനിങ്ങ് നടത്തുന്നു. നിരീക്ഷണത്തിൽ കഴിയുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ ബോധവൽക്കരണ കിറ്റും നൽകുന്നുണ്ട്.

ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വടക്കേകാട് മേഖലയിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

# കടൽ രക്ഷാ കൺട്രോൾ റൂം പ്രവർത്തനമാരംഭിക്കും

മൺസൂൺകാല കടൽ രക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി കൺട്രോൾ റൂം വെള്ളിയാഴ്ച (മെയ് 15) പ്രവർത്തനമാരംഭിക്കും. തൃശൂർ ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലും അഴീക്കോട് റീജിയണൽ ഷ്രിമ്പ് ഹാച്ചറിയിലുമാണ് 24 മണിക്കൂർ ഫിഷറീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നത്.

തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ കൺട്രോൾ റൂം നമ്പർ 0487 2441132.

അഴീക്കോട് റീജിയണൽ ഷ്രിമ്പ് ഹാച്ചറി കൺട്രോൾ റൂം നമ്പർ 0480-2819698.

# കുടുംബശ്രീ വായ്പ വിതരണോദ്ഘാടനം നടന്നു

കോവിഡ് 19 സാഹചര്യത്തിൽ കുടുംബശ്രീ സംഘങ്ങൾക്ക് സഹകരണ ബാങ്കുകൾ വഴി നൽകുന്ന പലിശരഹിത വായ്പയുടെ കൊടുങ്ങല്ലൂർ നിയോജക മണ്ഡലം വിതരണോദ്ഘാടനം അഡ്വ. വി. ആർ. സുനിൽ കുമാർ എംഎൽഎ നിർവഹിച്ചു. കുഴൂർ സർവ്വീസ് സഹകരണ ബാങ്ക് കുടുംബശ്രീ സംഘങ്ങൾക്കാണ് വായ്പ വിതരണം ചെയ്തത്. കുഴൂർ പഞ്ചായത്ത് പരിധിയിൽ ആദ്യഘട്ടത്തിൽ 29 ലക്ഷം രൂപയാണ് വായ്പയ്ക്കായി അനുവദിച്ചത്. ഒരാൾക്ക് 10000 രൂപ വീതം ധനസഹായം ലഭിക്കും. ബാങ്ക് പ്രസിഡന്റ് ടി.ഐ.മോഹൻദാസ് അദ്ധ്യക്ഷത വഹിച്ചു. പി.കെ.അലി, കെ.വി.വസന്ത്കുമാർ, കെ.സി. വിജയൻ, പി.എഫ്.ജോൺസൺ, വി.ആർ.സുനിത തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീ വായ്പയുടെ വിതരണോദ്ഘാടനം കൊടുങ്ങല്ലൂരിൽ അഡ്വ. വി. ആർ. സുനിൽ കുമാർ എംഎൽഎ നിർവഹിക്കുന്നു***

# ക്വട്ടേഷൻ

തൃശൂർ ജില്ലാ പ്രൊബേഷൻ ഓഫീസിലെ ആവശ്യത്തിന് ടാക്സി പെർമിറ്റുള്ള വാഹനം ലഭ്യമാക്കുവാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി മെയ് 21 ഉച്ച രണ്ടു മണി. ഫോൺ: 0487 2363999.

# ലോക്ക്ഡൗൺ ജീവിതം കാൻവാസിലാക്കി ഡാവിഞ്ചി സുരേഷ്

കോവിഡ് കാലത്ത് "സേഫ് അറ്റ് ഹോം" എന്ന ആശയത്തിലൂന്നി കാൻവാസിലൂടെ തന്റെ സാമൂഹികപ്രതിബദ്ധത ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കുകയാണ് ഡാവിഞ്ചി സുരേഷ്. പ്രശസ്ത ശില്പിയും ചിത്രകാരനുമായ ഈ കൊടുങ്ങല്ലൂർ സ്വദേശി ഈ ലോക്ക് ഡൗൺ കാലം ഓരോ ദിനങ്ങളും വീട്ടിൽ കഴിച്ചു കൂട്ടിയത് ഓരോ ചിത്രങ്ങൾ വരച്ചു കൊണ്ടായിരുന്നു.

സമ്പൂർണ അടച്ചുപൂട്ടലിൽ രാജ്യത്തെ മുഴുവൻ ജനങ്ങളും വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിയആദ്യ ദിവസം മുതൽ തുടങ്ങിയതാണ് ഡാവിഞ്ചി ചിത്രം വര. കൊറോണയുമായി ബന്ധപെട്ടു പത്രങ്ങളിലും സോഷ്യൽ മീഡിയകളിലും പ്രത്യക്ഷപ്പെടുന്നതും സ്വന്തം ആശയങ്ങളുമാണ് ക്യാൻവാസിൽ പകർത്തുന്നത്. ലോക്ക് ഡൗണിനു മുൻപേ തന്നെ കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ നിർമിച്ച കൊറോണ ശില്പവും ശ്രദ്ധ നേടിയിരുന്നു.

ചായക്കൂട്ടുകളും കളർ പെൻസിലുകളും കാൻവാസും പേപ്പറുകളും കഴിഞ്ഞു തുടങ്ങിയെങ്കിലും എവിടെ നിന്നെങ്കിലും സംഘടിപ്പിച്ച് വര തുടരുവാൻ തന്നെയാണ് തീരുമാനം. ആദ്യദിവസം സേവന സന്നദ്ധരായി നിരത്തിലിറങ്ങിയ പോലീസിനെ ചിത്രീകരിച്ചായിരുന്നു തുടക്കം. പിന്നീട് ആരോഗ്യപ്രവർത്തകരും പോലീസും സർക്കാർ നൽകുന്ന നിർദ്ദേശങ്ങളും മറ്റു വിഷയങ്ങളും സുരേഷ് ഡാവിഞ്ചിയുടെ ചിത്രങ്ങളായി മാറി. ജോലിസംബന്ധമായി പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു നിസ്വാർത്ഥ സേവനം കാഴ്ച വയ്ക്കുന്നവർ ഏറെയാണ്. ഇവർക്കുള്ള തന്റെ ആദരം ആണ് ഈ ചിത്രങ്ങളിലൂടെ തെളിയുന്നത് എന്ന് ഇദ്ദേഹം പറയുന്നു.

ഒരു കലാകാരനെ സംബന്ധിച്ചിടത്തോളം പ്രധാന സീസണുകൾ ആണ് രണ്ടു വർഷങ്ങളായി പ്രളയവും ഈ കൊറോണ കാലവും കവർന്നെടുത്തത്. കലയെ മാത്രം നെഞ്ചോടുചേർത്ത

ഇവർക്ക് മുന്നോട്ടുള്ള തങ്ങളുടെ ജീവിതം ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. ഗുരുവായൂർ ഉത്സവം, തൃശൂർ പൂരം മുതലായ വലിയ ഉത്സവങ്ങൾക്കായി ശില്പങ്ങൾ ബുക്ക് ചെയ്തിരുന്നു. എന്നാൽ കൊറോണ കാരണം അതെല്ലാം നിർത്തി വെക്കേണ്ടി വന്നു. തന്നെ പോലുള്ള കലാകാരന്മാർ അതിനാൽ കടുത്ത പ്രതിസന്ധിയിലാണെന്നും ഇനിയെങ്ങനെ മുന്നോട്ട് പോകുമെന്ന് അറിയില്ലെന്നും ഡാവിഞ്ചി സുരേഷ് പറഞ്ഞു.

ഈ ലോക്ക് ഡൗൺ കാലം കുടുംബമൊന്നിച്ച് ഇരുന്നാണ് സുരേഷ് ചിത്രരചന തുടരുന്നത്. അച്ഛന്റെ പാത പിന്തുടർന്ന് മക്കളായ ഇന്ദുലേഖയും ഇന്ദ്രജിത്തും തങ്ങളുടേതായ സൃഷ്ടികളിലും സമയം തള്ളി നീക്കുകയാണ്. പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പിന്തുണയും അതിനൊപ്പം തന്നെ ജനങ്ങൾക്കുള്ള ഒരു ബോധവൽക്കരണവുമാണ് ജീവൻ തുടിക്കുന്ന ഈ ചിത്രങ്ങൾ പകർന്നു നൽകുന്നത്.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് കാലത്ത് "സേഫ് അറ്റ് ഹോം" എന്ന ആശയത്തിലൂന്നിയ ഡാവിഞ്ചി സുരേഷിന്റെ ചിത്രം***

# ഹോം ക്വാറന്റൈൻ മുറികൾ സജ്ജീകരിക്കാൻ ഗുരുവായൂർ നിയോജക മണ്ഡലം

ഇതര സംസ്ഥാനങ്ങളിൽ നിന്നും നാട്ടിലേക്ക് തിരിച്ച് വരുന്നവർക്കായുള്ള ക്വാറന്റൈൻ മുറികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കാനൊരുങ്ങി ഗുരുവായൂർ നിയോജക മണ്ഡലം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരികെ വരുന്നവർക്ക് സ്വന്തം വീടുകളിൽ 14 ദിവസത്തെ ഹോം ക്വാറന്റൈനാണ് സർക്കാർ തീരുമാനം. എന്നാൽ വീട്ടിലെ മറ്റുള്ളവരുടെ കൂടി സുരക്ഷയെ മുൻനിർത്തി മുറിയോട് ചേർന്ന് ബാത്റൂം നിർബന്ധമാണ്. അത്തരം സൗകര്യങ്ങളില്ലാത്ത വീടുകളിലേക്ക് വരുന്നവർക്ക് കൃത്യമായ ഹോം ക്വാറന്റൈൻ ഉറപ്പ് വരുത്തുന്നതിനായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൗകര്യമൊരുക്കാൻ തീരുമാനിച്ചത്. ചാവക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ കെ. വി അബ്ദുൾഖാദർ എംഎൽഎയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിലാണ് തീരുമാനം.

ഹോം ക്വാറന്റൈൻ സൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ അതിനായുള്ള കേന്ദ്രങ്ങൾ കണ്ടെത്താൻ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് എംഎൽഎ നിർദ്ദേശം നൽകി. അതിനായി പഞ്ചായത്തിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ, സ്ഥാപനങ്ങൾ എന്നിവ ഉപയോഗിക്കാം. ട്രെയിൻ, ആഭ്യന്തര വിമാന സർവീസ് എന്നിവ പുനഃസ്ഥാപിച്ച സ്ഥിതിക്ക് കൂടുതൽ ആളുകൾ തിരിച്ചുവരാൻ സാധ്യതയുണ്ടെന്നും കാര്യങ്ങൾ കൃത്യമായ നിയന്ത്രണങ്ങളിലായിരിക്കണമെന്നും യോഗം ഓർമ്മിപ്പിച്ചു. വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നവർ ആരോഗ്യ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് അതത് പഞ്ചായത്തുകൾ ഉറപ്പുവരുത്തണം. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ മാത്രമാണ് ഹോം ക്വാറന്റൈനായി അയയ്ക്കുക. അതിനാൽ ആശങ്കകൾ ഒഴിവാക്കി ക്വാറന്റൈനിൽ കഴിയുന്നവർക്ക് മാനസിക പിന്തുണയും സഹകരണവും നാട്ടുകാർ നൽകണമെന്ന് എംഎൽഎ പറഞ്ഞു.

ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുരുവായൂർ നിയോജക മണ്ഡലത്തിൽ 222 പേരാണ് തിരിച്ചെത്തിയത്. ഗുരുവായൂർ നഗരസഭയിൽ 20 പേരും ചാവക്കാട് നഗരസഭയിലെ 34 ആളുകളാണ് എത്തിയിട്ടുള്ളത്. പഞ്ചായത്തുകളിൽ വടക്കേകാട് 32, പുന്നയൂർ 48, ഏങ്ങണ്ടിയൂർ 21, ഒരുമനയൂർ 14, പുന്നയൂർകുളം 33, കടപ്പുറം 20 എന്നിങ്ങനെയും ആളുകൾ എത്തിയിട്ടുണ്ട്. പോലീസ്, ആരോഗ്യപ്രവർത്തകർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ചേർന്ന് എല്ലാ പഞ്ചായത്തുകളും സ്ഥിരം സമിതി യോഗം ചേർന്ന് കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാക്കാനും യോഗം നിർദ്ദേശിച്ചു. ചർച്ചയിൽ ഗുരുവായൂർ നഗരസഭ ചെയർപേഴ്സൺ എം. രതി, ചാവക്കാട് നഗരസഭ ചെയർമാൻ എൻ. കെ അക്ബർ, ഗുരുവായൂർ നിയോജകമണ്ഡലത്തിന് കീഴിലുള്ള എല്ലാ പഞ്ചായത്തുകളിലെയും പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ചാവക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ കെ. വി അബ്ദുൾഖാദർ എംഎൽഎയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം***

# പാരമ്പര്യ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് ഗുരുവായൂർ ക്ഷേത്രം

ഗുരുവായൂർ ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് ആശ്വാസധനം അനുവദിച്ച് ഗുരുവായൂർ ദേവസ്വം ഭരണസമിതി. കോവിഡ് രോഗവ്യാപന പ്രതിരോധത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ലോക്ക് ഡൗൺ സാഹചര്യത്തിൽ പ്രതിസന്ധിയിലായ ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്കാണ് ആനുകൂല്യം ലഭിക്കുക. ക്ഷേത്രത്തിലെ 13 കീഴ്ശാന്തി കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം അഡ്വാൻസ് നൽകാൻ തീരുമാനമായി. കൂടാതെ 80 കീഴ്ശാന്തിമാർക്ക് പ്രതിമാസം 3000 രൂപ വീതം തിരിച്ചടയ്ക്കേണ്ടതില്ലാത്ത ആശ്വാസ ധനം നൽകാൻ തീരുമാനിച്ചു. ക്ഷേത്രത്തിലെ കഴകക്കാരുടെയും മറ്റ് പാരമ്പര്യ ജീവനക്കാരുടെയും പട്ടിക തയ്യാറാക്കിയശേഷമാണ് ആശ്വാസധനം നൽകുക.

ഭരണസമിതി യോഗത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ കെ. ബി മോഹൻ ദാസ്, ഭരണസമിതി അംഗങ്ങളായ കെ. അജിത്, കെ. വി ഷാജി, എ. വി പ്രശാന്ത്, മല്ലിശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട്, അഡ്മിനിസ്ട്രേറ്റർ എസ്. വി ശിശിർ എന്നിവർ പങ്കെടുത്തു.

# ടെണ്ടർ

കടൽ പട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി 2020 ജൂൺ ആറ് അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രിവരെ തൃശൂർ ജില്ലയിലേക്ക് യന്ത്രവത്കൃതബോട്ടുകൾ വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി മെയ് 26 ഉച്ചയ്ക്ക് രണ്ടു മണി. കൂടുതൽ വിവരങ്ങൾക്ക് തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ: 0487 2441132.

# കയ്പമംഗലത്ത് കടകളിൽ പരിശോധന നടത്തി

കോവിഡ് 19 രോഗവ്യാപനത്തിന്റെ ഭാഗമായി സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം സംബന്ധിച്ച് കയ്പമംഗലം പഞ്ചായത്തിലെ കടകളിൽ പരിശോധന നടത്തി. പഞ്ചായത്തിലെ കോവിഡ് പ്രതിരോധ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമായിരുന്നു പരിശോധന. കയ്പമംഗലം മൂന്നുപീടികയിലെ കടകളിലാണ് പരിശോധന നടത്തിയത്. നിർദ്ദേശങ്ങൾ ലംഘിച്ച കടകൾക്ക് പിഴ ചുമത്തി. 3200 രൂപയാണ് പിഴയായി ഈടാക്കിയത്. പകർച്ചവ്യാധികൾ പടരാനുള്ള സാഹചര്യം സൃഷ്ടിച്ച് ജീവനക്കാർ മാസ്ക് ധരിക്കാതെ തുറന്ന് പ്രവർത്തിച്ച കടകൾക്കാണ് പിഴ ചുമത്തിയത്. സർക്കാർ നിർദ്ദേശം ലംഘിച്ച് മാസ്ക്കില്ലാതെ പുറത്തിറങ്ങിയ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകി. പരിശോധനയിൽ കയ്പമംഗലം പ്രഥമികാരോഗ്യകേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ വി.റോയ് ജേക്കബ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ബിനോജ്.എം.എസ്, സുനിൽകുമാർ.പി.വി, രഞ്ജിത്ത്.കെ.വി, എം.എം.സക്കീർ എന്നിവർ പങ്കെടുത്തു. പൊതുസ്ഥലത്ത് എല്ലാവർക്കും മാസ്ക് നിർബന്ധമാണെന്ന് ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു.

# എസ് എൻ പുരത്ത് 'ഇനി ഞാൻ ഒഴുകട്ടെ രണ്ടാം ഘട്ടം'

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ ഹരിത മിഷന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പഞ്ചായത്തിലെ തോടുകളുടെ പുനരുദ്ധാരണത്തിന് തുടക്കമായി. 'ഇനി ഞാൻ ഒഴുകട്ടെ' രണ്ടാംഘട്ട പദ്ധതിയ്ക്കാണ് തുടക്കമിട്ടത്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിലൂടെ കടന്നു പോകുന്ന രണ്ടര കിലോമീറ്റർ ദൈർഘ്യമുള്ള പെരുംതോട് വലിയതോട്, നെൽപണി തോട്, പള്ളിത്തോട് എന്നിവയുടെ വീതി കൂട്ടി ആഴം വർധിപ്പിച്ച് ശുചീകരിക്കുന്നതാണ് പദ്ധതി. 20 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതി പഞ്ചായത്തിലെ വിവിധ മേഖലയിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ സഹായിക്കുന്നതാണ്.

പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നായി 747 തൊഴിലുറപ്പ് തൊഴിലാളികളെയും വെള്ളത്തിൽ ഓടിക്കാൻ കഴിയുന്ന മണ്ണുമാന്തി യന്ത്രത്തിന്റെയും സഹായത്താലാണ് പദ്ധതി പൂർത്തിയാക്കുന്നത്. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ കഴുവിലങ്ങിൽ നടന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ ഉദ്ഘാടനം ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ നിർവഹിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗദ നാസർ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം എസ് മോഹനൻ, ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ജയ സുനിൽരാജ്, വാർഡ് മെമ്പർ ലളിത, അസിസ്റ്റന്റ് എൻജിനീയർ ആര്യ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' രണ്ടാംഘട്ട പദ്ധതിയുടെ ഉദ്ഘാടനം ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ നിർവഹിക്കുന്നു***

## കേരള കലാമണ്ഡലത്തിൽ എട്ടാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

ചെറുതുരുത്തി കേരള കലാമണ്ഡലം കൽപിത സർവകലാശാല ഹൈസ്കൂളിലെ എട്ടാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഏഴാം ക്ലാസ്സ് ജയിച്ച 2020 ജൂൺ ഒന്നിന് 14 വയസ്സ് കവിയാത്ത വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഒരാൾക്ക് മൂന്ന് വിഷയത്തിന് അപേക്ഷിക്കാം. കഥകളിവേഷം, കഥകളിസംഗീതം, ചെണ്ട, മദ്ദളം, മിഴാവ്, തിമില-പഞ്ചവാദ്യം, മൃദംഗം, കൂടിയാട്ടം പുരുഷവേഷം, ചുട്ടി എന്നീ വിഷയങ്ങളിൽ ആൺകുട്ടികൾക്ക് മാത്രം അപേക്ഷിക്കാം. തുള്ളൽ, കർണാടകസംഗീതം എന്നീ വിഷയങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. കൂടിയാട്ടം സ്ത്രീവേഷം, മോഹിനിയാട്ടം എന്ന വിഷയങ്ങളിൽ പെൺകുട്ടികൾക്ക് മാത്രവും അപേക്ഷിക്കാം.

അപേക്ഷയും വിശദവിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് (www.kalamandalam.org) മെയ് 18 മുതൽ ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 3ന് വൈകിട്ട് നാലു മണി. ജൂൺ 15ന് കലാമണ്ഡലം ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നടത്തുന്ന പൊതു വിജ്ഞാന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ പരിഗണിക്കുക. ഹാൾടിക്കറ്റ് ലഭിച്ചില്ലെങ്കിലും പരീക്ഷയിൽ പങ്കെടുക്കാം. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ മേൽ തീയതികളിൽ മാറ്റങ്ങൾ വരുകയാണെങ്കിൽ കലാമണ്ഡലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## ദേശീയ ഡെങ്കിപ്പനി ദിനം ആചരിക്കാനൊരുങ്ങി തൃശൂർ

ഡെങ്കിപ്പനിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക പ്രതിരോധിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യവുമായി മെയ് 16 ദേശീയ ഡെങ്കിപ്പനി ദിനം ജില്ലയിൽ ആചരിക്കും. ഈ വർഷത്തെ ഡെങ്കിപ്പനി ദിന സന്ദേശം 'ഡെങ്കിപ്പനി നിയന്ത്രണത്തിന് പൊതുജന പങ്കാളിത്തം അനിവാര്യം' എന്നതാണ്.

ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് ഡെങ്കിപ്പനി പരത്തുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ഭൂരിഭാഗം കേസുകളും മഴക്കാലം തുടങ്ങി ജൂൺ മാസത്തിന് ശേഷമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. എന്നാൽ ഈവർഷം മെയ് മാസം ആദ്യം തന്നെ 27 കേസുകൾ റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. 2019ൽ 113 കേസുകളാണ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നത്. പ്രധാനമായും കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ, പ്ലാന്റേഷൻ പ്രദേശങ്ങൾ, അടക്ക തോട്ട മേഖല, ആക്രി സാധനങ്ങളുടെ സംഭരണ പ്രദേശങ്ങൾ, ടയർ റീ ട്രെഡിങ് സ്ഥാപനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

ഈ വർഷം ഇതുവരെ ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തത് (ഹോട്ട്സ്പോട്ട്) തൃശ്ശൂർ കോർപ്പറേഷൻ, വരന്തരപ്പിള്ളി, മറ്റത്തൂർ, മുണ്ടത്തിക്കോട്, കൂർക്കഞ്ചേരി, പൂക്കോട്, വരവൂർ, വേലൂർ, മുള്ളൂർക്കര, ഒല്ലൂർ, വെള്ളാനിക്കര തുടങ്ങിയ പ്രദേശങ്ങളിലാണ്. ഈ സാഹചര്യത്തിൽ ഹൈ റിസ്ക് പ്രദശങ്ങളിൽ കൊതുക് സാന്ദ്രത പഠനം നടത്തി സാന്ദ്രത കുറക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആഴ്ചതോറും ഡ്രൈ ഡേ ആചരിച്ച് വീടും പരിസരവും വെള്ളം കെട്ടി കിടക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിച്ചു. ഡെങ്കിപ്പനിക്ക് കാരണമാകുന്ന പറമ്പുകളിൽ അലക്ഷ്യമായി കിടക്കുന്ന ചിരട്ടകൾ, മഴവെള്ള സംഭരണികൾ, വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള കുട്ടികളുടെ കളിപ്പാട്ടങ്ങൾ, ടയർ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ബക്കറ്റുകൾ, മുട്ടത്തോട്, ടാങ്ക്, പ്ലാസ്റ്റിക് ഷീറ്റുകൾ, പൊട്ടിയ പാത്രങ്ങൾ, ടെറസുകൾ, റഫ്രിജറേറ്ററിന്റെ അടിഭാഗത്തെ ട്രേ, എന്നിവ വീടുകളിലെ ഓരോ അംഗങ്ങളും സൂക്ഷിക്കണം. കൊതുക് ജന്യ

രോഗങ്ങളെ നേരിടുന്നതിന് സ്വയം വീടിന്റെ ചുറ്റുപാടുകൾ സംരക്ഷിക്കണം. ആശുപത്രികളിൽ ഡെങ്കിപ്പനി ചികിത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രോട്ടോകോൾ അനുസരിച്ചുള്ള ചികിത്സയ്ക്ക് വേണ്ട പരിശീലനവും നിർദ്ദേശങ്ങളും ഡോക്ടർമാർക്ക് നൽകിയിട്ടുണ്ട്.

കോവിഡ് 19 പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷങ്ങളിലെപ്പോലെ ജില്ലാതല ഉദ്ഘാടനവും സെമിനാറുകളും എക്സിബിഷനുകളും കോളേജ്തല സെമിനാറുകളും സംഘടിപ്പിക്കുന്നതിന് സാധ്യമല്ലാത്തതിനാൽ ഫേസ്ബുക്ക്, വാട്സാപ് തുടങ്ങിയവ ഓൺലൈൻ മാധ്യമങ്ങൾ വഴിയും ടെലിവിഷൻ, എഫ്എം റേഡിയോ, പത്രറിപ്പോർട്ടുകൾ തുടങ്ങിയവയിലൂടെയും അറിവുകൾ പങ്കു വെച്ച് മാത്രമേ ഡെങ്കി പനിയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനാകൂ. ഇതിനുള്ള മുൻകൈകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുകഴിഞ്ഞു. കോവിഡിനെ നേരിടാൻ കാണിക്കുന്ന ശ്രദ്ധ ഡെങ്കിപ്പനി പോലുള്ള കൊതുക് ജന്യ രോഗങ്ങളെ തടയാനും സ്വീകരിക്കണമെന്നും ജില്ലാ മലേറിയ ഓഫീസർ അബ്ദുൽ ജബ്ബാർ അറിയിച്ചു.

## തെർമൽ സ്കാനർ നൽകി

മുള്ളൂർക്കര പഞ്ചായത്ത് അന്യ സംസ്ഥാനത്ത് നിന്നും എത്തുന്നവരെ പരിശോധിക്കുന്നതിനായി തെർമൽ സ്കാനർ നൽകി. മുള്ളൂർക്കര പി എച്ച് സി യിലേക്കും ഹോമിയോ ഡിസ്പെൻസറിയിലേക്കുമാണ് തെർമൽ സ്കാനർ നൽകിയത്. പഞ്ചായത്ത് ഓഫീസിൽ നടന്ന ചടങ്ങിൽ ഡോ. താര, ഡോ. സന്തോഷ് മോഹൻ എന്നിവർക്ക് മുള്ളൂർക്കര പഞ്ചായത്ത് പ്രസിഡന്റ് എം എച്ച് അബുൾസലാം തെർമൽ സ്കാനർ നൽകി. 5500 രൂപ വില വരുന്ന തെർമൽ സ്കാനർ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചിരിക്കുന്നത്.

***ഫോട്ടോ അടിക്കുറിപ്പ്: മുള്ളൂർക്കര പഞ്ചായത്തിൽ പരിശോധിക്കുന്നതിനായി തെർമൽ സ് കാനർ പ്രസിഡന്റ് എം എച്ച് അബുൾസലാം വിതരണം ചെയ്യുന്നു***

## നീല കാർഡുടമകൾ അടിയന്തരമായി കിറ്റ് കൈപ്പറ്റണം

എല്ലാ വിഭാഗത്തിലുമുള്ള നീല കാർഡുടമകൾക്കുമുള്ള സൗജന്യ ഭക്ഷ്യക്കിറ്റ് റേഷൻ കടകളിൽ വിതരണത്തിന് എത്തിയതിനാൽ കാർഡുടമകൾ അടിയന്തരമായി കിറ്റ് കൈപ്പറ്റണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. കൂടാതെ എല്ലാ വിഭാഗങ്ങളിലുമുള്ള റേഷൻ ഗുണഭോക്താക്കൾക്ക് മെയ് മാസത്തേക്ക് അനുവദിച്ച റേഷൻ വിഹിതം മെയ് 20 ന് മുമ്പ് കൈപ്പറ്റേണ്ടതാണ്. പിഎംജികെഎവൈ പദ്ധതി പ്രകാരം അനുവദിച്ച ഏപ്രിൽ മാസത്തെ ചെറുപയർ വിഹിതവും 20നകം കൈപ്പറ്റണം. ജില്ലയിൽ ഇതുവരെയായി 271204 നീല എൻ പി എസ് റേഷൻ കാർഡുടമകളിൽ 228082 പേർ കിറ്റ് കൈപ്പറ്റിയിട്ടുണ്ട്.

പിഎംജികെഎവൈ പദ്ധതി പ്രകാരം മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് ആരംഭിച്ച ചെറുപയർ വിതരണത്തിൽ 39.20 ശതമാനം എ എ വൈ കാർഡുടമകളും 38.10 ശതമാനം പിങ്ക് കാർഡുടമകളും വിഹിതം കൈപ്പറ്റി. പൊതുവിതരണ വകുപ്പ് സ്പെഷ്യൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ താലൂക്കുകളിലെ പൊതുവിപണിയിൽ നടത്തിയ പരിശോധനയിൽ തലപ്പിള്ളി താലൂക്കിലെ ഒരു സ്ഥാപനത്തിൽ ക്രമക്കേട് കണ്ടെത്തി. പലചരക്ക് വിഭാഗത്തിൽ എട്ടും പച്ചക്കറി വിഭാഗത്തിൽ നാലും സ്ഥാപനങ്ങളിലായി 12 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ബുധനാഴ്ച (മെയ് 14) ലഭിച്ചത് 4008 രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിൽ നിന്നും ബുധനാഴ്ച (മെയ് 13) ലഭിച്ചത് 4008 രൂപ. പണമായാണ് 4008 രൂപ ലഭിച്ചത്. ഇതോടെ ജില്ലയിൽ നിന്നും 2020 ഏപ്രിൽ മുതൽ മെയ് 14 വരെ സിഎംഡിആർഎഫിലേക്ക് ലഭിച്ച മൊത്തം തുക 3,48,97,660 രൂപയായി. പണം നൽകിയവർ: തമന്ന മാളിയേക്കൽ, പുല്ലഴി-158, അതിഥി, എസ് എൻ പാർക്ക്-950, മുഹമ്മദ് റഫീക്ക്, പുതൂർക്കര-3000.

# ദുരിതാശ്വാസനിധിയിലേക്ക് ഗായകരുടെ സംഭാവ

കോവിഡിനെ ചെറുക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഗായകരുടെ കൂട്ടായ്മയായ എറവ് ഗ്രാമഫോൺ സംഭാവന നൽകി. കോവിഡ് ദുരിതാശ്വാസനിധിയിലേക്ക് ശേഖരിച്ച 26,650 രൂപ വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനാഥിന് കൈമാറി. ഗ്രാമഫോൺ രക്ഷാധികാരിയും പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന സെക്രട്ടറിയുമായ ഡോ. സി രാവുണ്ണിയാണ് തുക കൈമാറിയത്.

***ഫോട്ടോ അടിക്കുറിപ്പ്: ഗായകരുടെ കൂട്ടായ്മയായ ഗ്രാമഫോൺ ദുരിതാശ്വാസനിധിയിലേക്ക് നൽകിയ സംഭാവന വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനാഥിന് സി രാവുണ്ണി കൈമാറുന്നു***